ഭക്ഷ്യസ്വയംപര്യാപ്തതയുടെ അവസ്ഥ

*13 [217] ശ്രീ. കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തതയുടെ ഇപ്പോഴത്തെ അവസ്ഥ യെന്താണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ അരിയുടെ ആഭ്യന്തര ലഭ്യതയും സംസ്ഥാനത്തിനു പുറത്തുനിന്നുള്ള അരിയുടെ വാങ്ങൽ സംബന്ധമായ കണക്കുകളും വിശദ മാക്കാമോ;

(സി) പൊതുവിതരണ ശൃംഖലയിലൂടെയും അല്ലാതെയും വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നും എത്ര ടൺ അരിയാണ് കേരളത്തി ലെത്തുന്നത്;

(ഡി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കേരളത്തിന്റെ അവസ്ഥ വിശദമാക്കാമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) 2001-ലെ ജനസംഖ്യാ കണക്കിനെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് 46.645 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമാണെന്നാണ് കണക്കാക്കി യിട്ടുള്ളത്. എന്നാൽ 2002-2003-ലെ ഭക്ഷ്യധാന്യ ഉൽപ്പാദനം 6.93 ലക്ഷം മെട്രിക് ടൺ മാത്രമാണ് (14.86 ശതമാനം).

(ബി ആന്റ് സി) 2002-2003 വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ ഭക്ഷ്യധാന്യോൽപ്പാദനം 6.93 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2003-2004-ൽ പൊതുവിതരണത്തിനായി ലഭിച്ചതിൽ 671,371 മെട്രിക് ടണ്ണും, എസ്.ജി.ആർ.വൈ. പദ്ധതിയനുസരിച്ച് ലഭിച്ച 129,963 മെട്രിക് ടണ്ണും വിതരണം ചെയ്തു. ബാക്കി ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ പുറത്തുനിന്നും വന്നതായി കണക്കാക്കാവുന്നതാണ്.

(ഡി) ഇത്തരം ഒരു താരതമ്യപഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly